Mr. C. J. Mathew *(Joint Secretary to Government):* I shall answer that question. Government received two reports from the Director of Public Instruction. On the first report it was ordered that no action was necessary. After the second report was received, Government ordered a whole sale reorganisation and accordingly a Committee was appointed to go into the question.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഈ വാല്വാ സ്റ്റീം ഇൻഡ്യയിൽ എവിടെയെങ്കിലും ഇപ്പോൾ നടത്തുന്നുണ്ടോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: നോട്ടീസ്സു വേണം.

മിസ്റ്റർ എം. കെ. രാജാ: കോഡു റിവിഷൻ കമ്മിറ്റി വാല്വാ സ്റ്റീമിനെപ്പറ്റി അതിൽ വിദഗ്ദ്ധന്മാരായ വല്ലവരുമായിട്ട് ആലോചിച്ചിട്ടുണ്ടോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: വാല്വാ സ്റ്റീമിനെപ്പറ്റി ആലോചിക്കുന്നതിനു വിദഗ്ദ്ധനായി മദ്രാസ്സ് ഗവണ്മെണ്ടിന്റെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ഒരാളുണ്ടായിരുന്നു.

മിസ്റ്റർ എം. കെ. രാജാ: അതാരാണ്?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: ഷെവലിയർ സി. ജെ. വക്കി. അതിൽ കൂടുതലായി ഒരാളെ വിളിച്ചു അന്വേഷിക്കണമെന്ന അഭിപ്രായം ഗവണ്മെണ്ടിനുണ്ടായിരുന്നില്ല.

PERUNTHODE BRIDGE—DAMAGED CONDITION OF

164. മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റോഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) അരീക്കോട്ട്-അരാകുളം റോഡിലെ പേരുന്തോട്ടു പാലം കേടുവന്നിട്ടു എത്ര കൊല്ലമായി;

(ബി)ടെമ്പററി പാലങ്ങൾ എത്ര തവണ ഗവണ്മെണ്ടു ഉണ്ടാക്കിയിട്ടുണ്ട്;

(സി) ടെമ്പററി പാലങ്ങൾക്കായി ഗവണ്മെണ്ടിനോ പഞ്ചായത്തിനോ ചിലവായിട്ടുള്ള സംഖ്യയുടെ ഒരു സ്റ്റേറ്റുമെണ്ടു തരാമോ?

Mr. V. K. Aravindaksha Menon *(Chief Engineer):*

(*a*) 4 years.

(*b*) Twice.

(*c*) The Government have spent Rs. 319—13—0.

Mr. P. A. Muhamed Ashrof *(Cranganur):* May I know, Sir, whether Government be pleased to take up the work as early as possible?

Mr. V. K. Aravindaksha Menon *(Chief Engineer):* Yes.

REPAIRS TO ROAD AFTER LAYING PIPES—RESPONSIBILITIES REGARDING

165. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു സദയം ഉത്തരം നല്കുവാൻ ദയവുണ്ടാകുമോ.—

(എ) റോഡുകളും വെട്ടിപ്പൊളിച്ചു് വെള്ളകുഴലുകളും ഇട്ടുകഴിഞ്ഞാൽ ആ റോഡു പൂർവ്വസ്ഥിതിയിൽ നന്നാക്കിയിടേണ്ടതു് കൺട്രാക്ടരുടേയോ മുനിസിപ്പാലിറ്റിയുടേയോ കടമയല്ലേ;

(ബി) കൺട്രാക്ടരുടേതാണെങ്കിൽ അങ്ങിനെ കൺട്രാക്ടരേക്കൊണ്ടു് റോഡു് നന്നാക്കിക്കുവാൻ കടപ്പെട്ടവർ ആരാണു്;

(സി) എറണാകുളത്തെ റോഡിൽ പൈപ്പിടുന്നതിനു് ആക്കാണു് കൺട്രാക്കു് നൽകിയിട്ടുള്ളതു്. ചെയർമാൻ ഈ വെള്ളക്കുഴൽ ഇടുന്നതിനു് ഉള്ള കൺട്രാക്ടർമാരിൽ ഒരാളാണോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) റോഡു് പൂർവ്വസ്ഥിതിയിൽ കൊണ്ടുവരേണ്ടതു് കൺട്രാക്ടരുടെ മുമതലയാണു്.

(ബി) വാട്ടർ വർക്സ് അസിസ്റ്റൻറ് എഞ്ചിനീയരും അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാരും.

(സി) 6 ഇഞ്ചു് പൈപ്പിടുവാൻ മേത്തർ ആൻറ് കമ്പനിയേയും, 3 ഇഞ്ചു് പൈപ്പിടുവാൻ മി. എം. നാണുമേനോനേയും സപ്ലീസ് കണക്ഷൻ പണികളും സി. ഇ. രാമനേയും ഏല്പിച്ചിരിക്കുന്നു. മിസ്റ്റർ എം. നാണുമേനോൻ എറണാകുളം മുനിസിപ്പാൽ ചെയർമാനും ആണു്.

LIBRARY ARCHIVES Kerala Legislative Assembly